LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾക്കായുള്ള പദ്ധതിക്ക് മണ്ണ് പര്യവേഷണ-മണ്ണ് സംരക്ഷണ വകുപ്പ് രൂപം നൽകിയിട്ടുണ്ട്.

(ബി) മണ്ണ്, ജലം എന്നിവയുടെ സംരക്ഷണവും പരിപാലനവുംവഴി കൃഷിക്കുള്ള അടിസ്ഥാന സൗകര്യ വികസനം മെച്ചപ്പെടുത്തുക, വെള്ളപ്പൊക്കവും കാർഷിക വരൾച്ചയും പരിമിതപ്പെടുത്തുക, അതുവഴി കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുക.

(സി) മണ്ണ് പര്യവേഷണ-മണ്ണ് സംരക്ഷണ വകുപ്പ്, നബാർഡ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പദ്ധതി പ്രദേശത്തെ ഗുണഭോക്താക്കൾ എന്നിവർ പദ്ധതിയുമായി സഹകരിക്കുന്നു.

(ഡി) ആർ.ഐ.ഡി.എഫ്. XIV മുതൽ XIX വരെ ഘട്ടങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

## പോളിഹൗസ് കൃഷിരീതിയിലും കീടനാശിനികളുടെ പ്രയോഗം

**189 (4229)** ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക മേഖലയിൽ പേരുമാറ്റം നടത്തിയ കീടനാശിനികൾ വ്യാപകമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പോളിഹൗസ് കൃഷിരീതിയിലും കീടനാശിനികൾ ഉപയോഗിക്കുന്നത് ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വിഷരഹിത ജൈവ ഉല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും ഉറപ്പു വരുത്തുന്നതിന് സർട്ടിഫിക്കേഷൻ സംവിധാനം നിലവിലുണ്ടോ ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇല്ല. പോളിഹൗസിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനാൽ കീടനാശിനി പ്രയോഗം വളരെ വിരളമാണ്. ആയതിനാൽ കീടനാശിനി പ്രയോഗം സൃഷ്ടിക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബംഗ്ളൂരു ആസ്ഥാനമായുള്ള റീജിയണൽ സെന്റർ ഫോർ ഓർഗാനിക് ഫാമിംഗിന് കീഴിൽ കേരളത്തിലെ പഴം, പച്ചക്കറി മേഖലയിലെ ജൈവകൃഷിയുടെ സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള റീജിയണൽ കൗൺസിൽ ആയി വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം പ്രവർത്തിച്ചുവരുന്നു.

കൂടാതെ ജൈവകൃഷിക്ക് പ്രാധാന്യം നൽകുന്നതിനും പ്രാവർത്തികമാക്കുന്നതിനുമായി ജില്ലാതലത്തിൽ പ്രാദേശിക ഗ്രൂപ്പുകൾ ഉണ്ടാക്കി അവരെക്കൊണ്ട് കൃഷിചെയ്യിച്ച് ഈ കൃഷിയിടങ്ങളെ ജൈവ കൃഷിയിടങ്ങളായി പ്രഖ്യാപിക്കുന്ന Participatory Guarantee System നടപ്പിലാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

## സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിലെ ജീവനക്കാർ

**190 (4230)** ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിൽ നിലവിൽ എത്ര സ്ഥിരം ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) താല്ക്കാലിക ജീവനക്കാർ എത്ര പേരുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) നിലവിലുള്ള ജീവനക്കാരെ പിരിച്ചുവിടുന്നതിനുള്ള എന്തെങ്കിലും സാഹചര്യം നിലവിലുണ്ടോയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിൽ നിലവിൽ 367 സ്ഥിരം ജീവനക്കാരുണ്ട്.

(ബി) കരാർ അടിസ്ഥാനത്തിൽ ആറ് (6) പേരും ദിവസവേതനാടിസ്ഥാനത്തിൽ രണ്ട് (2) ഡ്രൈവർമാരും ഉണ്ട്.